# SSLC EXAMINATION:MARCH-2019:CHEMISTRY:ഉത്തരസൂചിക.

1. പ്രൊപ്പീൻ.

2. ഫ്ലിന്റ് ഗ്ലാസ്/ഒപ്റ്റിക്കൽ ഗ്ലാസ്/ലെഡ് ഗ്ലാസ്.

3. 14 ഗ്രാം നൈട്രജൻ.

4. പ്ലവന പ്രക്രിയ.

5. മെഗ്നീഷ്യം ഓക്സൈഡ്.

6.a. $1s^2\ 2s^2\ 2p^6\ 3s^2\ 3p^3$

b. Period: 3, Group: 15

7.a. ആണിയുടെ നിറം ചെമ്പുനിറമായി മാറും/ആണിയുടെ ഉപരിതലത്തിൽ കോപ്പറിന്റെ ആവരണം ഉണ്ടാകും.

b. $Fe \rightarrow Fe^{2+} + 2e$

8.a. മൊളാരിറ്റി = ലീനത്തിന്റെ മോൾ എണ്ണം/ലായനിയുടെ വ്യാപ്തം = (4/40)/1 = 0.1

b. 4 g NaOH ഉപയോഗിച്ച് 100 ml ലായനി തയ്യാറാക്കുക.

9.a.അയിരിനെ വായുവിന്റെ സാന്നിധ്യത്തിൽ ചൂടാക്കുന്ന (അതിന്റെ ദ്രവണാങ്കത്തേക്കാൾ കുറഞ്ഞതാപനിലയിൽ ) പ്രവർത്തനമാണ് റോസ്റ്റിങ്.

b. സൾഫർ, ഫോസ്ഫറസ് എന്നിവ ഓക്സൈഡുകളായി മാറുകയും (വാതകം) പുറത്തുപോകുകയും ചെയ്യുന്നു.

10.a. മെതനോളിനെ ഉൽപ്രേരകത്തിന്റെ സാന്നിധ്യത്തിൽ കാർബൺ മോണോക്സൈഡുമായി പ്രവർത്തിപ്പിച്ച് എതനോയിക്കാസിഡ് നിർമ്മിക്കാം.

$CH_3 - OH + CO \rightarrow CH_3 - COOH$

b. റയോൺ നിർമ്മിക്കുന്നതിന്, റബ്ബർ - സിൽക്ക് വ്യവസായത്തിൽ.

11.a. അഭികാരകമോളുകളുടെ ആകെ എണ്ണം - 2, ഉൽപ്പന്നങ്ങളുടെ ആകെ മോൾ എണ്ണം - 2

b. i.മർദ്ദത്തിന് സ്വാധീനമില്ല. ii. അഭികാരകമോളുകളുടെയും (തൻമാത്രകളുടെയും) ഉൽപ്പന്നമോളുകളുടെയും (തൻമാത്രകളുടെയും) എണ്ണം തുല്യമായതിനാൽ.

12.a. അഞ്ച്, പദമൂലം: പെന്റ്.

b. ശാഖയുടെ പേര്: മീതൈൽ (Methyl), സ്ഥാന സംഖ്യ:3

c. 3 - മീതൈൽ പെന്റെയ്ൻ.

13.a. 1 മോൾ $N_2$ + **3 മോൾ** $H_2$ → **2 മോൾ** $NH_3$

b. ആവശ്യമായ ഹൈഡ്രജന്റെ മോൾ എണ്ണം = 3

മൂന്ന് മോൾ ഹൈഡ്രജന്റെ മാസ് = 3x2 = 6 gm

c. ഉണ്ടാകുന്ന അമോണിയയുടെ മോൾ എണ്ണം = 2

2 മോൾ അമോണിയയുടെ STP യിലെ വ്യാപ്തം = 2x22.4 = 44.8 L

14. a. Mg & Cu

b. Anode: Mg, Cathode: Cu

c. $Mg + Cu^{2+} \rightarrow Mg^{2+} + Cu$

15.a. അലൂമിനയുടെ ദ്രവണാങ്കം (melting point) താഴ്ത്തുന്നതിനും ഇലക്ട്രോലൈറ്റിന്റെ ചാലകത വർധിപ്പിക്കുന്നതിനും.

b. $Al^{3+}$ & $O^{-2}$

c. $Al^{3+} + 3e \rightarrow Al$

16.a. പൊടിച്ച സിങ്ക് എടുത്തിട്ടുള്ള ടെസ്റ്റ്യൂബിൽ.

b. അഭികാരകങ്ങൾ (reactants) പൊടിച്ച് ചേർക്കുമ്പോൾ അവയുടെ പ്രതലപരപ്പളവ് (surface area) കൂടുന്നു. തൽഫലമായി അഭികാരക തൻമാത്രകൾ തമ്മിലുള്ള കൂട്ടിമുട്ടലുകളുടെ എണ്ണം വർദ്ധിക്കുന്നു.

c. കൊത്തിക്കീറിയ (ചെറുചീളുകളാക്കിയ) വിറക് നന്നായി കത്തുന്നു.

17.a.$C_4H_{10}O$

b. ഫങ്ഷണൽ ഐസൊമെറിസം.

c. ഒരേ തൻമാത്രാവാക്യമുള്ള (molecular formula) ഓർഗാനിക് സംയുക്തങ്ങൾ അവയിലെ ഫങ്ഷണൽ ഗ്രൂപ്പിലെ വ്യത്യാസം മൂലം രാസഭൗതിക ഗുണങ്ങളിൽ വ്യത്യാസം പ്രകടിപ്പിക്കുന്ന പ്രതിഭാസമാണ് ഫങ്ഷണൽ ഐസോമെറിസം./ ഫങ്ഷണൽ ഗ്രൂപ്പിലെ വ്യത്യസം മൂലമുണ്ടാകുന്ന ഐസോമെറിസമാണ് ഫങ്ഷണൽ ഐസെമെറിസം.

d. 

18.a. $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 4s^1$
b. Group: 1, Period:4 Block: S ഓക്സിഡേഷൻ സ്റ്റേറ്റ്: +1
c. ഇലക്ട്രോപോസിറ്റീവ്/ ലോഹീയസ്വഭാവം/ താഴ്ന്ന അയോണൈസേഷൻ എനർജി/ കുറഞ്ഞ ഇലക്ട്രോനെഗറ്റിവിറ്റി.
19. a.



b. ആദേശരാസപ്രവർത്തനം.(Substitution reaction)
c. പോളി വിനൈൽ ക്ലോറൈഡ് - പൈപ്പ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു.
20. a.ആന്റി പൈററ്റിക്സ് : ശരീരതാപനില (പനി) കുറയ്ക്കുന്നതിന്.
ആന്റിബയോട്ടിക്സ് - രോഗകാരികളായ സൂക്ഷ്മാണുക്കളെ നശിപ്പിക്കുന്നതിനും അവയുടെ വളർച്ച തടയുന്നതിനും.
b. ഡോക്ടറുടെ നിർദേശമില്ലാതെ സ്വയം മരുന്ന് വാങ്ങി കഴിക്കുക/ മറ്റൊരാൾക്ക് നൽകിയ മരുന്ന് ഉപയോഗിക്കുക/ ഡോക്ടർനിർദേശിച്ചതിനേക്കാൾ കൂടിയ അളവിൽ മരുന്ന് കഴിക്കുക.

Prepared by: Ebrahimvathimattom.
Phone:9495676772